# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1593 — 14.07.2016 - ൽ മറുപടിയ്ക്ക്

### കയർ അധിഷ്ഠിത വ്യവസായങ്ങൾ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) കയർ അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്നും ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനായി സമ്പത്തിക സഹായം ചെയ്യുന്നുവെന്നും വിശദമാക്കാമോ; | (എ): കയർ മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം ( 50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.<br>6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br>7. ഉത്പ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.<br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു. |

| | |
|---|---|
| | 12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി കയർ സംരംഭകർക്ക് സഹായം നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ ; ആയത് നടപ്പിലാക്കുമ്പോൾ സംരംഭകർക്ക് സബ്സിഡി അനുവദിക്കുമോ; | (ബി): കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി കയർ സംരംഭകർക്ക് സഹായം നൽകുന്നതിന് പദ്ധതികൾ നിലവിലില്ല. |
| (സി) കയർ ഉത്പന്നങ്ങളുടെ വിപണനത്തിനും പ്രചരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി): കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായമായി 50% സംസ്ഥാന വിഹിതവും 50% കേന്ദ്രവിഹിതവും മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ) എന്ന പദ്ധതിയിലൂടെ നൽകിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ വിൽപ്പനയുടെ ശരാശരിയുടെ 10% വിപണന വികസന സഹായമായി നൽകുന്നു.<br><br>ഉൽപ്പാദനവും വിപണന പ്രചോദനവും എന്ന പദ്ധതിയിലായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ, മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ, പ്രാഥമിക കയർ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി എന്നിവവഴി കയറിന്റേയും റബ്ബർ അധിഷ്ടിത ഉൽപ്പന്നങ്ങളും ഭൂവസ്ത്രവും ഉൾപ്പെടെയുള്ള കയറുൽപ്പന്നങ്ങളുടേയും ഉൾപ്പാദനവും കയറ്റുമതി ഉൾപ്പെടെയുള്ള വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ വർഷത്തെ വിൽപ്പനയുടെ 10% പി.എം.ഐ ആയി നൽകുന്നു.<br><br>കയർ ഉൽപ്പന്നങ്ങളുടേയും യാണിന്റേയും ചകിരിയുടേയും വില വ്യതിയാനം പ രിഹരിക്കുന്നതിന് ഉത്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനും കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും പി.പി.എസ്.എസ് പദ്ധതി നടപ്പിലാക്കുന്നു.<br><br>വിപണനം പരസ്യവും പ്രചാരണവും പദ്ധതി പ്രകാരം വിപണി ശക്തിപ്പെടുത്തുന്നതിനായി കയർ സഹകരണ സംഘം, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയ്ക്ക് മേളകൾ, പ്രദർശനങ്ങൾ ഇവ സംഘടിപ്പിക്കുന്നതിനും അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിനും, ബയർസെല്ലർ മീറ്റുകളിൽ പങ്കെടുക്കുന്നതിനും സഹായം നൽകുന്നു. |

| | |
|---|---|
| (ഡി) കയർഫെഡിന്റേതെന്ന പറഞ്ഞ് വ്യാജ ഉത്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി): ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ